بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 18.03.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 14

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള പരാമർശത്തിൽ, സകാത്ത് നിഷേധികളെ സംബന്ധിച്ച് താരിഖ് ത്വബരിയിൽ പറയുന്നുണ്ട്. അസദ്, ഗത്ഫാൻ, ത്വേ ഗോത്രങ്ങൾ കള്ള പ്രവാചകത്വം വാദിച്ച തുലൈഹാ ബിൻ ഖുവൈലിദിന്റെ കയ്യിൽ ഒരുമിച്ചുകൂടി. ഫസാറ, സൽഅബ ബിൻ സഅദ്, മുർറ, ബനൂ കിനാന, ദുൽഖിസ്സ, ലൈസ്, ദീൽ, മിദ്‌ലജ് എന്നീ ഗോത്രങ്ങളുടെ പ്രതിനിധികൾ മദീനയിലെത്തി, ഹദ്റത്ത് അബ്ബാസ് ഒഴികെയുള്ള മറ്റ് മുതിർന്നവരും മദീനയിൽ തമ്പടിച്ചു. തുടർന്ന് അവർ ഒരു പ്രതിനിധിസംഘം രൂപീകരിച്ച് തങ്ങൾ നമസ്കരിക്കുന്നതാണ് എന്നാൽ സകാത്ത് നൽകുന്നതല്ല എന്ന നിബന്ധനയോടെ അബൂബക്കർ(റ)ന്റെ സമക്ഷത്തിലേക്ക് വന്നു. ഇവർ ഒട്ടകത്തെ കെട്ടുന്ന കയർപോലും നൽകാൻ വിസമ്മതിക്കുന്നെങ്കിൽ ഞാൻ അവരോട് യുദ്ധം ചെയ്യുമെന്ന് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു. അദ്ദേഹത്തിന്റെ ദൃഢനിശ്ചയം കണ്ടപ്പോൾ ഈ പ്രതിനിധികൾ മദീനയിൽ നിന്ന് മടങ്ങുകയുണ്ടായി.

മദീന വിടുമ്പോൾ ഈ പ്രതിനിധികളുടെ മനസ്സിൽ രണ്ട് കാര്യങ്ങളായിരുന്നുവെന്ന് ഒരു ജീവചരിത്രകാരൻ എഴുതുന്നു: നമ്പർ ഒന്ന്, സകാത്ത് നിരോധനത്തെ സംബന്ധിച്ച തന്റെ അഭിപ്രായത്തിൽ നിന്നും നിശ്ചയദാർഢ്യത്തിൽ നിന്നും ഖലീഫ പിന്മാറുമെന്ന് പ്രതീക്ഷിക്കുന്നില്ല. നമ്പർ രണ്ട്, മുസ്‌ലിംകളുടെ ദൗർബല്യത്തേയും ബലഹീനതയേയും മുതലെടുത്തുകൊണ്ട് ഇസ്‌ലാമിക ഭരണകൂടത്തെ നശിപ്പിക്കുന്ന തരത്തിലുള്ള ശക്തമായ ആക്രമണം മദീനയ്ക്കെതിരെ നടത്തണമെന്നായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) അശ്രദ്ധനായിരുന്നില്ല. മദീനയുടെ എല്ലാ കവാടങ്ങളിലും അദ്ദേഹം സ്ഥിരം കാവൽക്കാരെ ഏർപ്പെടുത്തി. മൂന്ന് രാത്രികൾ മാത്രമേ കടന്നുപോയിട്ടുണ്ടായിരുന്നുള്ളൂ, സകാത്ത് നിഷേധികൾ രാത്രിയിൽ മദീനയെ ആക്രമിച്ചു. എന്നാൽ മുസ്‌ലിംകൾ ശത്രുക്കളെ പിൻവാങ്ങാൻ നിർബന്ധിതരാക്കി. മദീനയിൽ നിന്ന് നാൽപത് മൈൽ അകലെ, ദുൽഖിസ്സയിലെ അക്രമികളുടെ കൂട്ടാളികൾ അവരുടെ സഹായിത്തിനായി വന്നു. ഈ സമയത്ത് അബൂബക്കർ(റ)വും സൈന്യത്തെ ഒരുക്കുന്ന തിരക്കിലായിരുന്നു. രാത്രിയുടെ അവസാന സമയത്ത് ഒരു ഘോരമായ യുദ്ധം നടന്നു. നേരം പുലരുംമുമ്പ് അവിശ്വാസികൾ പരാജയപ്പെട്ട് പലായനം ചെയ്തു. അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയ ആദ്യവിജയമായിരുന്നു ഇത്. ഒരു എഴുത്തുകാരൻ ഈ യുദ്ധത്തെ ബദർ യുദ്ധത്തോട് ഉപമിച്ചുകൊണ്ട് എഴുതുന്നു, ഈ അവസരത്തിൽ അബൂബക്കർ(റ) നടത്തിയ വിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രകടനം മുസ്‌ലിംകളുടെ ഹൃദയങ്ങളിൽ തിരുനബി(സ)യുടെ യുദ്ധങ്ങളെ ഓർമ്മിപ്പിക്കുകയുണ്ടായി. ബദർ യുദ്ധത്തിന് ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടായതുപോലെ, ഈ യുദ്ധത്തിലും മുസ്‌ലിംകളുടെ വിജയം ഇസ്‌ലാമിന്റെ ഭാവിയെ ആഴത്തിൽ സ്വാധീനിച്ചു.

ഈ പരാജയത്തെത്തുടർന്ന് ബനൂ ദുബ്‌യാനും ബനൂഅബസും മറ്റ് ഗോത്രങ്ങളും രോഷാകുലരാവുകയും ചുറ്റുമുള്ള മുസ്‌ലിംകളെ പൊടുന്നനെ ആക്രമിക്കുകയും പലതരം ക്രൂരതകൾ ചെയ്തുകൊണ്ട് ശഹീദാക്കുകയും ചെയ്തു. ഈ ക്രൂരതകളെക്കുറിച്ച് അറിഞ്ഞ അബൂബക്കർ(റ), മുസ്‌ലിംകളെ കൊലചെയ്ത ഓരോ ഗോത്രത്തിൽ നിന്നും പ്രതികാരമായി പകരം കൊലപ്പെടുത്തുമെന്ന് പ്രതിജ്ഞയെടുത്തു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ നേതൃത്വത്തിൽ സകാത്ത് നിഷേധികളുടെ ആക്രമണം നിർത്തലാക്കപ്പെട്ടതോടെ മടിച്ചുനിന്ന മറ്റു ഗോത്രങ്ങൾ ഒന്നിനുപുറകെ ഒന്നായി സകാത്തുമായി മദീനയിലേക്ക് വരാൻ തുടങ്ങി. ഇക്കാലയളവിൽ മുസ്‌ലിംകളുടെ ആവശ്യങ്ങൾക്കുള്ളതിനേക്കാൾ ദാനധർമ്മങ്ങൾ മദീനയിൽ ലഭിച്ചതായി ത്വബരിയുടെ ചരിത്രത്തിൽ പറയുന്നുണ്ട്.

ഒരു ഗ്രന്ഥകർത്താവ് എഴുതുന്നു, അബസും ദുബ്‌യാനും ഗത്ഫാൻ ബനീബകറും മദീനക്കടുത്ത് താമസിക്കുന്ന മറ്റ് വിമതഗോത്രങ്ങളും തങ്ങളുടെ പിടിവാശിയിൽ നിന്നും കലാപത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുകയും ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)നെ പൂർണമായും അനുസരിക്കുകയും ഇസ്‌ലാമിക ആചാരങ്ങളെ

പിൻപറ്റുകയുമായിരുന്നു വേണ്ടിയിരുന്നതെന്ന അഭിപ്രായമായിരുന്നു പരാജയപ്പെട്ട ഖൂദർറ ഗോത്രങ്ങൾക്ക്. പക്ഷേ മുസ്‌ലിംകളോടുള്ള ശത്രുത അവരുടെ കണ്ണുകളെ അന്ധരാക്കി. അവർ അവരുടെ നാടുപേക്ഷിക്കുകയും അസദ് ഗോത്രത്തിലെ കള്ള പ്രവാചകത്വം വാദിച്ച തുലൈഹാ ബിൻ ഖുവൈലിദിന്റെ ഒപ്പം കൂടുകയും ചെയ്തു. ഈ ആളുകൾ എത്തിച്ചേർന്നതോടെ തുലൈഹയുടെയും മുസൈലിമയുടെയും ശക്തി വർധിക്കുകയും യമനിൽ കലാപത്തിന്റെ തീജ്വാലകൾ കത്താൻ തുടങ്ങുകയും ചെയ്തു. ഈ ആളുകൾ കലാപം നടത്തുകയും യുദ്ധം ചെയ്യുകയും ചെയ്തിരുന്നുവെന്ന് എപ്പോഴും ഓർമ്മിക്കേണ്ടതാണ്. കേവലം ആരുടെയെങ്കിലും ഏതെങ്കിലും (പ്രവാചകത്വ) വാദം കാരണത്താലല്ല യുദ്ധം നടന്നത്. കലാപത്തിനും യുദ്ധത്തിനും പ്രതികാരം ചെയ്യുകയായിരുന്നു.

സകാത്ത് നിഷേധികൾക്കെതിരായ വിജയത്തെയും ഹദ്റത്ത് അബൂബക്കർ[റ]ന്റെ ധൈര്യത്തെയും നിശ്ചയദാർഢ്യത്തെയും പരാമർശിച്ചുകൊണ്ട് അബ്ദുല്ലാഹിബിനു മസ്ഊദ്[റ] പറയുന്നു: നബി[സ]ന്റെ വഫാത്തിനെത്തുടർന്ന് ഹദ്റത്ത് അബൂബക്കർ[റ] മുഖേന അല്ലാഹു ഞങ്ങളെ സഹായിച്ചിരുന്നില്ലായെങ്കിൽ തീർച്ചയായും ഞങ്ങൾ നശിച്ചുപോകുമായിരുന്ന ഘട്ടത്തിൽ ആയിരുന്നു. സകാത്തിന്റെ ഒട്ടകത്തിന് വേണ്ടി മറ്റുള്ളവരോട് യുദ്ധം ചെയ്യില്ലെന്നും പൂർണ വിജയം നേടുന്നത് വരെ അല്ലാഹുവിന്റെ ആരാധനയിൽ ഏർപ്പെടുമെന്നും മുസ്‌ലിംകളായ ഞങ്ങൾ എല്ലാവരും ഏകകണ്ഠമായി കരുതിയിരുന്നു. എന്നാൽ സകാത്ത് നിഷേധികളോട് യുദ്ധം ചെയ്യാൻ അബൂബക്കർ സിദ്ദീഖ്[റ] തീരുമാനിച്ചു.

സകാത്ത് എത്ര പ്രധാനമാണെന്ന് അഹ്മദികൾ ഓർക്കണമെന്നും അത് കൃത്യമായി ക്രമീകരിക്കണമെന്നും തഖ്‌വയുടെ പദവികൾ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുകയുണ്ടായി. അല്ലാഹു നമസ്കാരത്തിനുശേഷം ഇതാണ് കൽപിച്ചിട്ടുള്ളത്. ഖിലാഫത്തിന്റെ സ്ഥാനമാനങ്ങളുടെ വിഷയത്തിൽ ഒരിടത്ത് ഇദ്ദേഹം പറയുന്നു: സകാത്തിന്റെ വിഷയത്തിൽ ഹദ്റത്ത് അബൂബക്കർ[റ]നുമേൽ ആക്ഷേപമുണ്ടായി, ഈ കൽപ്പന തിരുനബി[സ]ക്ക് ആണ് നൽകപ്പെട്ടത്; അത് സ്വീകരിക്കാൻ കൽപ്പന നൽകപ്പെട്ടയാൾ മരണപ്പെട്ടിരിക്കുന്നു. ഇതിന് അബൂബക്കർ[റ] മറുപടി പറഞ്ഞു: തിരുനബി[സ] വഫാത്തായി, എന്നാൽ ശരീഅത്ത് നിലനിൽക്കുന്നു. ഇപ്പോൾ ഖലീഫ (നിങ്ങളുടെ) മുമ്പിലുണ്ട്. അതിനാൽ, ഇതിനോട് യോജിച്ച്കൊണ്ട് ഞാൻ പറയുന്നു: (ഖലീഫയായ) ഞാനാണ് ഇപ്പോൾ അഭിസംബോധന ചെയ്യുന്നത്. ഈ ആദർശങ്ങൾ ഖിലാഫത്തിന്റെ കൂടെ എന്നും നിലനിൽക്കുന്നതുമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ഒരിക്കൽ ഇതും കൂടി പറയുകയുണ്ടായി: തിരുനബി[സ]യുടെ മരണശേഷം മൂന്ന് സ്ഥലങ്ങളിൽ മാത്രമേ പള്ളികളിൽ ജമാഅത്തായ നമസ്കാരം ഉണ്ടായിരുന്നുള്ളൂവെന്ന് ചരിത്രത്തിൽ വന്നിട്ടുണ്ട്. രാജ്യത്തെ ഭൂരിഭാഗം ആളുകളും സകാത്ത് നൽകാൻ വിസമ്മതിച്ചു. നബി[സ]ക്ക് ശേഷം ഞങ്ങളോട് സകാത്ത് ചോദിക്കാൻ ആർക്കെങ്കിലും അവകാശമുണ്ടോ എന്ന് അവർ ചോദിക്കാറുണ്ടായിരുന്നു. ആയിരക്കണക്കിന് അറബികൾ സകാത്തിന്റെ വിഷയത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ മൂലം മുർത്തദ്ദുകളായി. ഒരു ലക്ഷത്തോളം വരുന്ന സൈന്യവുമായി മുസൈലിമ ആക്രമണം നടത്താൻ വരികയാണെന്ന് ഹദ്റത്ത് അബൂബക്കർ[റ]ന് അറിവു ലഭിച്ച സമയത്ത് ചില സ്വഹാബാക്കൾ ഹദ്റത്ത് അബൂബക്കർ[റ]നോടു അഭിപ്രായപ്പെട്ടത്, ഈ സാഹചര്യത്തിൽ അവിടുന്ന് സകാത്ത് ആവശ്യപ്പെടാതെ അവരോടു രഞ്ജിപ്പിൽ എത്തുന്നതാണ് നല്ലത്. എന്നാൽ ഹദ്റത്ത് അബൂബക്കർ[റ] പറഞ്ഞു: സകാത്ത് നൽകാൻ അവരെ പ്രേരിപ്പിക്കാതെ കണ്ട് ഞാൻ അവരുമായി സന്ധി ചെയ്യില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: അതിനാൽ ഇതാണ് യഥാർത്ഥ വിശ്വാസത്തിന്റെ അടയാളം, ഈ വിശ്വാസം നമ്മിലുണ്ടെങ്കിൽ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം ലോകത്ത് എത്തിക്കാനും ഇൻശാ അല്ലാഹ് വിജയിക്കാനും നമുക്ക് കഴിയും. നോമ്പിന്റെയും നമസ്കാരത്തിന്റെയും കൽപനകൾ നബി[സ]യോടുകൂടി അവസാനിക്കാത്തതുപോലെ സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥയുമായി ബന്ധപ്പെട്ട കൽപ്പനകളും അവിടുത്തെ മരണത്തോടുകൂടി അവസാനിക്കുന്നില്ല എന്നതാണ് വസ്തുത. ജമാഅത്തായ നമസ്കാരത്തെപ്പോലെ ഈ കൽപ്പനകളുമായി ബന്ധപ്പെട്ടും ആവശ്യമായിട്ടുള്ളത്, മുസ്‌ലിംകൾക്കിടയിൽ എല്ലായ്പ്പോഴും തിരുനബി[സ]യുടെ പ്രതിനിധികൾ മുഖേന ഇതനുസരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കേണ്ടതാണ്.

ഒരു സന്ദർഭത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ[റ] പറഞ്ഞു: ഹദ്റത്ത് അബൂബക്കർ[റ]ന്റെ കാലത്ത്, മക്കയും മദീനയും ഒരു ചെറിയ പ്രദേശവും ഒഴികെയുള്ള മുഴുവൻ അറേബ്യയും പെട്ടെന്ന് മുർത്തദ്ദുകളായിത്തീർന്നു. മറ്റെല്ലാ സ്ഥലങ്ങളിൽ നിന്നുമുള്ള ആളുകൾ സകാത്ത് നൽകാൻ വിസമ്മതിക്കുകയും ചെയ്തു. അവർ സൈന്യത്തോടൊപ്പം യുദ്ധത്തിന് പുറപ്പെട്ടു. ചിലയിടങ്ങളിൽ ഒരു ലക്ഷം പേരുടെ സൈന്യംവരെ അവരോടൊപ്പമുണ്ടായിരുന്നു. എന്നാൽ ഇവിടെ ഹദ്റത്ത് ഉസാമ[റ]ന്റെ നേതൃത്വത്തിൽ റോമൻ പ്രദേശം ആക്രമിക്കാനായി തന്റെ മരണത്തിനു തൊട്ടു മുമ്പ് തിരുനബി[സ] തയ്യാറാക്കിയിരുന്ന പതിനായിരം പേരുടെ ഒരു സൈന്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാക്കിയുണ്ടായിരുന്നവർ ദുർബലരും പ്രായമായവരും ഏതാനും ചില യുവാക്കളും ആയിരുന്നു. ഈ സാഹചര്യം കണ്ടപ്പോൾ മുതിർന്ന സ്വഹാബാക്കളുടെ ഒരു സംഘം ഹദ്റത്ത് അബൂബക്കർ[റ]ന്റെ സമക്ഷത്തിൽ വന്നുകൊണ്ട് കലാപം അവസാനിക്കുന്നതുവരെ ഈ സൈന്യത്തെ തടയാൻ ആവശ്യപ്പെട്ടു. ഹദ്റത്ത് അബൂബക്കർ[റ] അത്യധികം ദേഷ്യത്തോടെ പറഞ്ഞു: നബി[സ]യുടെ

മരണശേഷം അബൂഖഹാഫയുടെ മകൻ ആദ്യം ചെയ്യേണ്ടത്, നബി[സ] പുറപ്പെടാൻ കൽപ്പിച്ച സൈന്യത്തെ തടയുക എന്നതാണോ നിങ്ങൾ ആഗ്രഹിക്കുന്നത്. ഞാൻ ഈ സൈന്യത്തെ അയക്കുക തന്നെ ചെയ്യും. ശത്രുസൈന്യത്തെ നിങ്ങൾക്ക് ഭയമുണ്ടെങ്കിൽ നിങ്ങൾക്കെന്നെ കൈവിടാം. എല്ലാ ശത്രുക്കളോടും ഞാൻ ഒറ്റയ്ക്ക് പോരാടുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: ഇത് يَعۡبُدُوۡنَنِيۡ لَا يُشۡرِكُوۡنَ بِيۡ شَيۡـًٔا എന്നതിന്റെ സത്യതക്കുള്ള വലിയ തെളിവാണ്. അതായത്, അവർ എന്നെ ആരാധിക്കുന്നതാണ്, അവർ എന്നോട് ആരെയും പങ്കുചേർക്കുകയുമില്ല. അതായത് ഖിലാഫത്തിൽ നിലകൊണ്ടവരും ഖിലാഫത്തിനൊപ്പം ചേർന്നു നിൽക്കുന്നവരും. ഖിലാഫത്ത് വ്യവസ്ഥിതിയുടെ കൂടെ തുടരുന്നതും തുടർന്നുകൊണ്ടിരിക്കുന്നതുമായ ആ അവസ്ഥയാണ് ഇത്.

ഹദ്റത്ത് അബൂബക്കർ[റ]ന്റെ തീരുമാനത്തിന്റെ ശക്തമായ അനന്തരഫലങ്ങളെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] എഴുതുന്നു, സ്വഹാബികളുടെ ഇഷ്ടത്തിന് വിരുദ്ധമായി ഹദ്റത്ത് ഉസാമ ബിൻ സൈദിന്റെ സൈന്യത്തെ ഹദ്റത്ത് അബൂബക്കർ[റ] അയക്കുകയും നാൽപ്പത് ദിവസങ്ങൾക്ക് ശേഷം വിജയപ്രതാപത്തോടെ മദീനയിലേക്ക് തിരിച്ചെത്തുകയും അല്ലാഹുവിന്റെ സഹായവും വിജയവും അവരുടെ സ്വന്തം കണ്ണുകൊണ്ട് കാണുകയും ചെയ്തു. അതിനു ശേഷം ഹദ്റത്ത് അബൂബക്കർ[റ] കള്ളപ്രവാചകത്വം വാദിച്ചവരുടെ ഫിത്ന ഇല്ലാതാക്കി. ഈ രാജ്യദ്രോഹം പൂർണ്ണമായും തുടച്ചുനീക്കി. പിന്നീട് മുർത്തദുകളുടെ കാര്യത്തിലും ഇതായിരുന്നു അവസ്ഥ. പിന്നെ തൗഹീദും പ്രവാചകത്വവും അംഗീകരിച്ചുകൊണ്ട് സകാത്ത് നിഷേധിച്ചവർക്കെതിരെ എങ്ങനെയാണ് വാളെടുക്കുക എന്ന് പറഞ്ഞിരുന്ന വിയോജിപ്പുള്ള സ്വഹാബികളോട് ധീരതയോടെ പറഞ്ഞു: ഇന്ന് സകാത്ത് നൽകാതിരിക്കാൻ അനുമതി നൽകിയാൽ പതിയെ പതിയെ ആളുകൾ നോമ്പും നമസ്കാരവും ഉപേക്ഷിക്കുകയും പേരിന് മാത്രം ഇസ്‌ലാം അവശേഷിക്കുകയും ചെയ്യും. ചുരുക്കത്തിൽ ഇത്തരമൊരു സാഹചര്യത്തിൽ ഹദ്റത്ത് അബൂബക്കർ[റ] സകാത്ത് നിഷേധികളെ നേരിട്ടതിന്റെ ഫലമായാണ് ഈ രംഗത്തും അദ്ദേഹത്തിന് വിജയവും സഹായവും ലഭിക്കുകയും വഴിതെറ്റിയവരെല്ലാം സത്യത്തിന്റെ പാതയിലേക്ക് മടങ്ങുകയും ചെയ്തത്.

ഈ അനുസ്മരണം തുടരുന്നതാണെന്ന് പറഞ്ഞതിനുശേഷം ഹുസൂർ തിരുമനസ്സ് ദുഃആക്ക് ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു: ഇന്നത്തെ ലോകത്തിന്റെ അവസ്ഥകൾക്കായി ദുആ ചെയ്തുകൊണ്ടിരിക്കുക. ഇക്കാര്യത്തിൽ കുറവു വരുത്തരുത്. ലോകർ തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരായിത്തീരാൻ പ്രത്യേകമായ നിലയിൽ ദുആ ചെയ്യുക. ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കാനുള്ള പരിഹാരം ഇതു തന്നെയാണ്. അല്ലാഹു കരുണ കാണിക്കുകയും നമ്മുടെ പ്രാർഥനകൾ സ്വീകരിക്കുകയും ചെയ്യട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ജാമിഅഃ അഹ്മദിയ്യ മുൻ പ്രിൻസിപ്പലും കാനഡ മുബല്ലിഗ് ഇൻചാർജുമായ മൗലാനാ മുബാറക് നസീർ സാഹിബിന്റെ മരണത്തിൽ അദ്ദേഹത്തെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ഹുസൂർ തിരുമനസ്സ് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis [atba]**

at Mubarak Mosque, Islamabad, UK – on 18.03.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**